# ORTHODOX CHRISTIAN YOUTH MOVEMENT

# U. A. E ZONE

## PRESS RELEASE

### കൂനൻ കുരിശ് സത്യം 360 -ാം വർഷിക സമ്മേളനം ഷാർജയിൽ

ഷാർജ: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യു. എ. ഇ സോണിന്റെ ആഭിമുഖ്യത്തിൽ ചരിത്ര പ്രധാനമായ കൂനൻ കുരിശ് സത്യത്തിന്റെ 360 -ാം വാർഷിക സമ്മേളനം ഏപ്രിൽ 5 ന് രാവിലെ 11 മണിക്ക് ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് മലങ്കര ഓർത്തഡോക്സ് സഭ ഇടുക്കി ഭദ്രാസനാധിപൻ അഭി. മാത്യൂസ് മാർ തേവോദോസ്യോസ് ഉദ്ഘാടനം ചെയ്യും. സോണൽ പ്രസിഡന്റ് റവ. ഫാ. റ്റി. ജെ. ജോൺസൺ അദ്ധ്യക്ഷത വഹിക്കും. യു. എ. ഇ യിലെ 7 ഓർത്തഡോക്സ് ദേവാലയത്തിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

സമ്മേളനത്തോടനുബന്ധിച്ച് മലങ്കര സഭാ കാനോൻ എന്ന വിഷയത്തിൽ പഠന ക്ലാസ്സ്, കിഴക്കിന്റെ കാതോലിക്കായും മലങ്കര സഭയും എന്ന വിഷയത്തിൽ സംവാദം, ഉദയംപേരൂർ സുന്നഹദോസിന്റെ ദൃശ്യാവിഷ്ക്കാരം, കൂടാതെ വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

ഷാർജ ഇടവക വികാരി റവ. ഫാ. എബ്രഹാം ജോൺ, സഹ. വികാരി റവ. ഫാ. യാക്കൂബ് ബേബി, സോണൽ സെക്രട്ടറി ശ്രീ. മനോജ് തോമസ്, യൂണിറ്റ് സെക്രട്ടറി ശ്രീ. വിനു തങ്കച്ചൻ, ജനറൽ കൺവീനർ ശ്രീ. സോണി രാജൻ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകും.

MEDIA DESK.